**പതിനാലാം കേരളനിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *613** **31.10.2016-ൽ മറുപടിക്ക്**

**മാതൃകാപരമായ സ്ത്രീസുരക്ഷ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. എം.എം. മണി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. രാജു എബ്രഹാം | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) പൊതുസ്ഥലങ്ങളിൽ മാതൃകാപരമായ സ്ത്രീസുരക്ഷ ഉറപ്പാക്കാൻ കഴിയാതെ പോയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ കഴിയാത്ത തരത്തിലുള്ള സംഭവങ്ങൾ ഈ അടുത്തിടെയെങ്ങും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രധാനപ്പെട്ട പൊതുസ്ഥലങ്ങളിലും ട്രെയിൻ/ബസ് തുടങ്ങിയ പൊതുവാഹനങ്ങളിലും നിരീക്ഷിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥരെ ബീറ്റ് ഡ്യൂട്ടിക്കായി നിയോഗിക്കാറുള്ളതും സ്ത്രീകൾക്ക് ഏതു സമയവും സുരക്ഷിതമായ യാത്ര ഒരുക്കുന്നതിനായി 'ഷീ ഓട്ടോ' പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി വരുന്നതും ഏതെങ്കിലും തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ത്വരിതഗതിയിൽ ആയത് പരിഹരിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ആയത് പാലിക്കുന്നുണ്ടോയെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചു വരുന്നതുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കണ്ടെത്തി തടയുന്നതിന് അത്യാധുനിക സാങ്കേതിക സംവിധാനങ്ങളുള്ള വാഹനങ്ങളിൽ വനിതാ പോലീസ് മാത്രമുള്ള പിങ്ക് പട്രോളിംഗ് പദ്ധതി പ്രവർത്തനം നടത്തിവരുന്നു. പൊതു സ്ഥലങ്ങളിൽ സ്ത്രീകളിൽ ആത്മവിശ്വാസം വളർത്തുന്ന തരത്തിൽ സ്വയം പ്രതിരോധം, കൗൺസിലിംഗ് എന്നിവയിലുള്ള പരിശീലനം എന്നിവ നടപ്പാക്കിവരുന്നു. |

(ബി) ട്രെയിൻ ഉൾപ്പെടെയുള്ള പൊതുവാഹനങ്ങളും തൊഴിലിടങ്ങളും പൊതുനിരത്തുകളും പലപ്പോഴും സ്ത്രീ-സുരക്ഷിതമാക്കാൻ സാധിക്കാതെ പോകുന്നത് തിരുത്താൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് ഉദ്ദേശിക്കുന്നത്;

(ബി) ട്രെയിൻ ഉൾപ്പെടെയുള്ള പൊതു വാഹനങ്ങളും തൊഴിലിടങ്ങളും പൊതുനിരത്തുകളും സ്ത്രീ സുരക്ഷിതമാക്കുന്നതിനുവേണ്ടി കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളിലും പോലീസിന്റെ സേവനം ഏർപ്പെടുത്തിയും പിങ്ക് പോലീസ് പട്രോളിംഗ്, പിങ്ക് ബീറ്റ്, വനിതാ ഹെൽപ്പ് ലൈൻ എന്നിവ 24 മണിക്കൂറും പ്രവർത്തിച്ച് വരുന്നു.

(സി) സ്വയം രക്ഷയ്ക്കായി ഇലക്ട്രോണിക് സാങ്കേതികവിദ്യയുൾപ്പെടെയുള്ള മാർഗ്ഗങ്ങൾ പ്രചരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്ത്രീകളുടെ സുരക്ഷയ്ക്കായി റയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. e-mail, whatsapp എന്നിവ വഴിയും പരാതി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ ഐ സേഫ് ആപ്പ് പോലുള്ള നിരവധി സംവിധാനങ്ങളും നിലവിലുണ്ട്.

(ഡി) അപമാനത്തിന് ഇരയാകുന്നവർ പരാതി നൽകിയാൽ വീണ്ടും അവഹേളനപാത്രങ്ങൾ ആകുന്ന സ്ഥിതി മാറ്റാനും ത്വരിതഗതിയിൽ വിചാരണ നടത്തി കുറ്റക്കാർക്കെതിരെ നടപടിയെടുക്കാനും കഴിയുന്ന അവസ്ഥ സൃഷ്ടിച്ച് നിയമപാലന സംവിധാനത്തിൽ മാറ്റം വരുത്താൻ വേണ്ട ഇടപെടലുകൾ നടത്തുമോ?

(ഡി) അപമാനത്തിന് ഇരയാകുന്നവർ പരാതി നൽകിയാൽ വീണ്ടും അവഹേളനപാത്രങ്ങൾ ആകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റമറ്റ അന്വേഷണം നടത്തി കുറ്റാരോപിതർക്കെതിരെ നിയമാനുസൃതമായ എല്ലാ തെളിവുകളും ശേഖരിച്ച് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതിന് ഇപ്പോൾ തന്നെ നിർദ്ദേശം നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ